
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS
little KITEs
CAMY KITES
The center of attention
MOUNT CARMEL H S ,KANJIKUZHY, KOTTAYAM-4

## മൗണ്ട് കാർമ്മൽ സ്കൂളിന്റെ പുണ്യം .....പരി .കർമ്മല മാതാവ്









പ്രിയ കുഞ്ഞുങ്ങളെ,

പട്ടങ്ങൾ ഭാഗ്യമുള്ളവരാണ് .ഒരുപാടുയരങ്ങൾ കീഴടക്കുവാനും അവിടെ നിന്നുകൊണ്ട് ഒരുപാടു വിശാലതയിൽ ഭൂമിയെ കാണുവാനും  മനസിലാക്കുവാനും സാധിക്കും .പട്ടങ്ങൾ പറക്കുന്നത് കാണുവാനും നല്ല ഭംഗിയാണ് .പലരൂപങ്ങളിൽ ,പലവർണ്ണങ്ങളിൽ പല ഉയരങ്ങളിൽ നീലാകാശത്തിന്റെ അനന്ത നീലിമയിൽ കുതിച്ചു കുതിച്ചു പറന്നേറുന്ന പട്ടങ്ങൾ നമുക്ക് തരുന്ന കൗതുകം നിസ്സാരമല്ല .നിങ്ങളും പട്ടങ്ങളാണ് "കുട്ടി പട്ടങ്ങൾ." സമകാലിക വിവരസാങ്കേതികസാധ്യതകൾ സ്വായത്തമാക്കി ഉയരങ്ങൾ കീഴടക്കാൻ .....മറ്റുള്ളവർ കാണുന്നതിനേക്കാൾ വിശാലമായ അർത്ഥത്തിൽ ഈ ലോകത്തെ കാണുവാനും ഭാഗ്യം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട് .മറ്റുള്ള കുട്ടികളെക്കാൾ നിങ്ങൾക്ക് ലഭ്ച്ച ഈ സൗഭാഗ്യം നിങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക .. ഈ അറിവുകൾ ലോകനന്മയ്ക്കായി മാത്രം വിനിയോഗിക്കുക .എല്ലാ നന്മകളും എന്റെ മക്കൾക്കുണ്ടാകട്ടെ

ആശംസകളോടെ



**Sr.Shilpa. CSST**

(ഹെഡ്മിസ്ട്രസ്സ്)

# 2018-'19 LITTLE KITES MEMBERS





**Suminamol K John**
**SITC**
**KITE Mistress**



**Roshini Robert**
**JSITC**
**KITE Master**



**Susha Antony**
**JSITC**



**Swetha Varghese**
**Little Kites President**
**(Chief Editor)**



**Karthika S**
**Little Kites Secretary**
**(Sub Editor)**

# ഉള്ളടക്കം


1 സ്കൂൾ പ്രവർത്തന റിപ്പോർട്ട്
2 ലിറ്റൽ കൈറ്റ്സ്
3 അക്ക (കഥ )
4' അമ്മ വിളക്ക് (കവിത )
5 ലഹരി (കവിത)
6 മലയാളം കംപ്യൂട്ടിങ് -ഒരു ആമുഖ പഠനം (ലേഖനം )
7 ഐ .ടി ക്ലബ്ബ് /ഹൈ -ടേക് ക്ളാസ്സ് ഉൽഘാടനം
8 മറയൂർ എത്ര സുന്ദരി (യാത്രാ വിവരണം )
9 ജ്ഞാനപീഠം നേടിയവർ (ശേഖരം )
10 ക്വിസ്
11 പൂന്തോട്ടം (കവിത)
12 എന്റെ മാവ് (കവിത)
13 സംസ്കാരവും വിദ്യാഭ്യാസവും (ലേഖനം)
14 ചതിക്കുന്ന മനുഷ്യർ (കഥ)
15 ദുരിതാശ്വാസ ക്യാമ്പ്(ലേഖനം)
16 ജീവിതം (കവിത )
17 ഓർമ്മകളുടെ മുറ്റം (ഓർമ്മക്കുറിപ്പ് )
18 മഹാത്മാരുടെ വചനങ്ങൾ
19 ക്വിസ്
20 സ്കൂൾ പ്രവർത്തനങ്ങൾ ഒരവലോകനം
21 AIMS OF LITTLE KITES
22 MY MOTHER
23 DISASTROUS DELUGE
24 HOW CAN I PASS
25 MOTIVATIONAL QUOTES
26 USES OF MOBILE PHONES IN ECONOMY
27 THE STORY OF HAPPINESS
28 FULL FORMS
29 HIDDEN GREATNESS
30 COMPUTER IN THE FIELD OF EDUCATION
31 फूलों
32 സ്കൂൾ പ്രവർത്തനങ്ങൾ കൊളാഷ്
33 ലിറ്റൽ കൈറ്റ്സ് കൊളാഷ്




## മൗണ്ട് കാർമ്മൽ ഹൈസ്കൂൾ

## പ്രവർത്തന റിപ്പോർട്ട്-2017-18

### ആമുഖം

**അക്ഷരം ദൈവീകമാണ് ...അത് പകർന്നു നൽ കുന്നത് പുണ്യവും .വിജ്ഞാനത്തിന്റെ വിവിധ മേഖലകളിൽ വിസ്മയം സൃഷ്ടിക്കുന്ന മൗണ്ട് കാർമ്മൽ സ്കൂൾകുട്ടികൾക്കും സമൂഹത്തിനും മൂല്യവത്തായ ഒരു ജീവിത പാതയാണ് തുറന്നു നൽകുന്നത് ..**

**2017 -18 അധ്യയന വർഷം പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ നൂതനമായ പല ആശയങ്ങളും മൗണ്ട് കർമ്മലിൽ പ്രാവർത്തികമാക്കി .**

കോട്ടയം പട്ടണത്തിൻറെ പ്രാന്തപ്രദേശമായ കഞ്ഞിക്കുഴിയിൽ നാലര ഏക്കർ സ്ഥലത്ത് വിശാലമായി സി.എസ്.എസ്.റ്റി. സന്യാസസമൂഹത്തിന്റെ മൗണ്ട് കാർമ്മൽ കോൺവെൻറ് കോമ്പൗണ്ടിൽ കെ.കെ. റോഡിനും ഇറഞ്ഞാൽ റോഡിനും അഭിമുഖമായി മൗണ്ട് കാർമ്മൽ ഹയർസെക്കണ്ടറി സ്കൂൾ നിലകൊള്ളുന്നു. മൗണ്ട് കാർമ്മൽ ട്രെയിനിംഗ് കോളേജ് (ബി.എഡ്., എം .എഡ്.) മൗണ്ട് കാർമ്മൽ വിദ്യാനികേതൻ(CBSC) , എ.വി.എൽ.പി.സ്കൂൾ, കമ്മ്യൂണിറ്റി കോളേജ് എന്നിവ ഈ സ്കൂളിന്റെ സഹോദരസ്ഥാപനങ്ങളാണ്. മൂന്നു നിലകളുള്ളപ്രധാനകെട്ടിടത്തിൽ സ്കൂൾഓഫീസും സ്റ്റാഫ്റൂമും ഒട്ടുമിക്ക ക്ലാസുകളും പ്രവർത്തിക്കുന്നു.

രണ്ടുനിലകളുള്ള ഏഴാമത്തെ ബ്ലോക്കിൽ എല്ലാ ഏഴാം ക്ലാസുകളും പ്രവർത്തിക്കുന്നു. ഹൈസ്കൂളിൽ മലയാളവും ഇംഗ്ലീഷ് മീഡിയവും ചേർന്ന് ആകെ 21 ഡിവിഷനും യു.പി. സെക്ഷനിൽ രണ്ട് മീഡിയവുമായി 16 ഡിവിഷനുകളുമുണ്ട്.1870 കുട്ടികൾ ഇവിടെ പഠിക്കുന്നു.തുടർച്ചയായി 5 വർഷം എസ്. എസ്. എൽ . സിയ്ക്ക് നൂറ് ശതമാനം വിജയം ,കോട്ടയം ജില്ലയിലെ ഏറ്റവും കൂടുതൽ ഫുൾ എ പ്ലസുകൾ എന്നിവ കരസ്ഥമാക്കാൻ മൗണ്ട് കാർമ്മലിന് സാധിച്ചു .സയൻസ് ലാബ് ,കമ്പ്യൂട്ടർ ലാബ് എന്നിവ ഈരണ്ടു വീതമുണ്ട്. മാത്സ് ലാബ് ,സോഷ്യൽ സയൻസ് ലാബ്, മൾട്ടിമീഡിയ റൂം,പ്രയർ റൂം,സ്റ്റോർ റൂം,കൗൺസിൽറൂം,കോൺഫ്രൻസ് റൂം, യോഗാ റൂം, എന്നിവയും ഉണ്ട്. അസംബ്ലി ഗ്രൗണ്ടും, ബാസ്കറ്റ് ബോൾ കോർട്ടും സുസ്സജ്ജമാണ്. സ്കൂൾ ബസും, വാനും കുട്ടികളുടെ യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നു.നിർധനരായ കുട്ടികൾക്ക് സൈക്കിൾ നൽകുക വഴി അവരുടെ യാത്രാ ക്ലേശം ലഘൂകരിക്കുവാൻ കഴിയുന്നു സ്കൂൾകിണറിലേയുംമഴവെള്ളസംഭരണിയിലേയും ജലം കുട്ടികൾക്കു വേണ്ടുവോളം ഉപയോഗിക്കാൻ കഴിയുന്നു അതിനാൽ ജല ദൗർലഭ്യം അനുഭവപ്പെടുന്നില്ല. സംപുഷ്ടമായ പച്ചക്കറിത്തോട്ടവും, അതിമനോഹരമായ പൂന്തോട്ടവും ഇവിടുത്തെ അധ്യാപക വിദ്യാർഥികളുടെ അധ്വാനത്തിൻറെ ഫലമാണ്. വെണ്ട ,വഴുതന ,പാവൽ ,കോവൽ ,തക്കാളി, പടവലം,ക്യാബേജ് ,കോളിഫ്ളവർ ,ക്യാരറ്റ ,പച്ചമുളക് ,ഇഞ്ചി ,പുതിന ,കൂർക്ക ,പയർ തുടങ്ങി ഒട്ടു മിക്ക

പച്ചക്കറികളും ഇവിടെ കൃഷി ചെയ്യുന്നു . മണ്ണിര കംപോസ്റ്റിൽനിന്നും വളം ലഭിക്കുന്നത് പച്ചക്കറി ഉത്പാദനത്തിന്റെ തോത് കൂട്ടുന്നു.ഭാഷാ ലാബ്,കമ്പ്യൂട്ടർ അധിഷ്ഠിത ലൈബ്രറി,എന്നിവ കുട്ടികൾ ഏറെ പ്രയോജനപെടുത്തുന്നു. ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം, മരം, സസ്യം എന്നിവയുടെ പ്രാദേശികനാമവും ശാസ്ത്രീയനാമവും കൊടുത്തിരിക്കുന്നു. വായനക്കൂട്ടം, എഴുത്തുകൂട്ടം, ശാസ്ത്ര ക്ലബ്, സോഷ്യൽ സയൻസ് ക്ലബ് ,ഗണിത ക്ലബ് ,ഐ .ടി ക്ലബ് ,പി ടി ക്ലബ് ,മ്യൂസിക് ക്ലബ് ,ഫിലിം ക്ലബ് ,ഫോട്ടോഗ്രാഫി ക്ലബ് ,കരാട്ടെ ക്ലബ് ,നേച്ചർ ക്ലബ് ,വിദ്യാരംഗം കലാസാഹിത്യ വേദി ,എന്നിവയുടെ പ്രവർത്തനം കുട്ടികളുടെ വാസനകളെ തൊട്ടുണർത്താൻ സഹായിക്കുന്നു . "എന്നും ശുചിത്വം "എന്ന പരിപാടിയുള്ളതിനാൽ ക്ലാസ്സ് മുറികളും ക്യാമ്പസും അടുക്കളയും ശുചി മുറികളും എപ്പോഴും ശുചിയായി സൂക്ഷിക്കാൻ കഴിയുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ നിർമ്മിച്ച "ഋക്ഷം" എന്ന സിനിമ ,"കാവ് തീണ്ടല്ലേ മക്കളെ" എന്ന ഡോക്യൂമെന്ററി ,"ഉമ്മുക്കുലുസു" എന്ന ഹ്രസ്വ ചിത്രം "ഡ്യൂറിയൻ മരം പറയുന്നു", "മീരയുടെ പരീക്ഷ","യവേയുടെ പട്ടങ്ങൾ""ഭാഗ്യ ഭരണി"നാടകങ്ങൾ എന്നിവ സംസ്ഥാന ജില്ലാ തലങ്ങളിൽ ശ്രദ്ധേയമായവയും ഇവിടുത്തെ കുട്ടികളുടെയും അധ്യാപകരുടെയും സർഗ്ഗശേഷിക്ക് ഉദാഹരണങ്ങളുമാണ് .എല്ലാ വർഷവും അച്ചടിച്ച സ്കൂൾ മാഗസിൻ പുറത്തിറക്കുന്നു എന്ന പ്രത്യേകതയും മൗണ്ട് കർമ്മലിനുണ്ട് . കുട്ടികളുടെയും അധ്യാപകരുടെയും സാഹിത്യ രചനകളും ചിത്രങ്ങളും വെളിച്ചം കാണുന്നതിനുള്ള നല്ലൊരു വേദി കൂടിയാണ് ഈ മാഗസിൻ.. "സുഹൃത്തിനൊരു വീട് " പദ്ധതിയും , യാചകർക്കു നൽകുന്ന "വഴിവക്കിലെ സ്നേഹ വിരുന്നും", പഴമയുടെ പവിഴ മുത്തുകൾ ശേഖരിക്കുന്ന "പുരാവസ്തു ശേഖരവും പ്രദർശനവും" ,രുചിക്കൂട്ടുകളുടെ "പാചകമേളയും",സാഹിത്യകാരന്മാരുമായുള്ള ചർച്ചയും അഭിമുഖവും ,ഫോട്ടോഗ്രാഫി മത്സരവുംപ്രദർശനവ,മാതാപിതാക്കന്മാർക്കുള്ള ഐ. ടി -ഇന്റർനെറ്റ് പരിശീലനവും ഒക്കെ തന്നെ ഈ സ്കൂളിന്റെ വേറിട്ട പ്രവർത്തനങ്ങളാണ് .

## പഠനമികവ്

മൗണ്ട് കർമ്മലിൽ കാലാനുസൃതമായി പഠനാപ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യുകയാൽ വളരെ മികച്ച പഠനനിലവാരം കുട്ടികൾക്ക് ലഭിക്കുന്നു . ഏറ്റവും കൂടുതൽ കുട്ടികളെ SSLC പരീക്ഷക്കിരുത്തുകയും 100 ശതമാനം വിജയം ലഭിക്കുകയും 41 സമ്പൂർണ A+, 30 9A+ , 29 8A+എന്നിവ നേടാനും സാധിച്ചു .

## ലിറ്റിൽ കൈറ്റ്സ്

നൂതന സാങ്കേതികവിദ്യാ ലോകത്തേക്ക് വിദ്യാർത്ഥികളെ കൈപിടിച്ച് ഉയർത്തുന്നതിനായി കൈറ്റിന്റെ നേതൃത്വത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നു. വിവിധ വിഷയ മേഖലകളിലൂടെ വിദ്യാർത്ഥിക്ക് പ്രായോഗിക പരിശീലനങ്ങൾ നൽകി വരുന്നു. മാത്രമല്ല, മികവു പുലർത്തുന്നവർക്ക് സബ്ജില്ലാ, ജില്ലാ, സംസ്ഥാനതല ക്യാംമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നു. ആകെ ഏഴു മൊഡ്യൂളുകളിലായി 25 ആഴ്ചകൾ എടുത്താണ് പരിശീലനം പൂർത്തിയാക്കുന്നത്.

ഞങ്ങളുടെ വിദ്യാലയത്തിൽ എല്ലാ ബുധനാഴ്ചകളിലുമാണ് ലിറ്റിൽ കൈറ്റ്സിന്റെ പരിശീലനം കുട്ടികൾക്ക് നൽകുന്നത്. ജൂൺ 30-ാം തീയതി വൺ ഡേ ക്യാംമ്പോടുകൂടി പരിശീലനം ആരംഭിച്ചു. കംപ്യൂട്ടറുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും ഹൈടെക് ക്ലാസ്സ് മുറികളെക്കുറിച്ചുമെല്ലാം വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുത്തു. കുട്ടികൾ സ്വന്തമായി കഥയെഴുതി ആനിമേഷൻ ഭംഗിയായി തയ്യാറാക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

മാതൃഭാഷയായ മലയാളം കംപ്യൂട്ടറിൽ ടൈപ്പ് ചെയ്യാൻ മലയാളം കംമ്പ്യൂട്ടിംഗ് ക്ലാസുകളിലൂടെ കുട്ടികൾക്ക് പരിശീലനം നൽകി.സ്വന്തമായി എഴുതിയ കവിതകളും കഥകളും കംമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്തു.സ്ക്രാച്ച് സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ സ്വന്തമായി ആനിമേഷൻ കഥകളും ഗെയിമുകളും നിർമ്മിക്കാൻ പരിശീലനം നൽകി. കൗതുകമുണർത്തുന്ന ഗെയിമുകളും ആനിമേഷനുകളും കുട്ടികൾ പ്രദർശിപ്പിച്ചു.

മൊബൈൽ ആപ്പുകൽ

സ്വന്തമായി നിർമ്മിക്കുവാൻ കഴിയുമോ എന്ന കുട്ടികളുടെ സംശയത്തെ ആസ്പദമാക്കി കുട്ടികൾക്ക് ക്ലാസ്സുകൾ എടുക്കുകയും മൊബൈൽ ആപ്പുകളുടെ നിർമ്മാണത്തിന് പരിശീലനം നൽകുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സിന്റെ ഭാഗമായി വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങളെല്ലാം കുട്ടികൾ സ്വന്തമായി വാർത്തയായി അവതരിപ്പിച്ചുവരുന്നു. മാത്രമല്ല, മലയാളം കംമ്പ്യൂട്ടിംഗിന്റെ ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ചേർന്ന് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുവാൻ തീരുമാനിച്ചു. അതിനായി വിദ്യാർത്ഥികളിൽ നിന്നും അവരുടെ രചനകളും ചിത്രങ്ങളും ശേഖരിച്ച് ഡിജിറ്റൽ മാഗസിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.

കാമറാട്രെയിനിംഗ് ക്യാമ്പിൽ നിന്നും വിദ്യാർത്ഥികൾ സ്വന്തമായി ന്യൂസ് റിപ്പോർട്ടുകളും സ്കൂൾ ഡോക്യുമെന്ററികളും നിർമ്മിച്ചു വരുന്നു. കമ്പ്യൂട്ടർ പരിശീലനത്തിനായി വിവിധ ദിവസങ്ങളിൽ കുട്ടികൾ ക്യാംമ്പുകളിൽ പങ്കെടുത്തു.

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് കംമ്പ്യൂട്ടറുകളെക്കുറിച്ചും നൂതനസാങ്കേതിക വിദ്യാലോകത്തെപ്പറ്റിയും കൂടുതൽ അറിവുകൾ ലഭിക്കുന്നു. മാത്രമല്ല, വ്യത്യസ്ത ഐടി മേഖലകളെപ്പറ്റി കൂടുതൽ അറിവുകൾ സമ്പാദിക്കുവാനും ഭാവിയിൽ അവർക്കു ലഭിച്ച അറിവുകൾ വിനിയോഗിക്കുവാനുമുള്ള നേട്ടങ്ങൾ കൈവരിച്ചു.

--ശ്വേത വർഗ്ഗീസ്

# അക്ക

അക്ക അങ്ങനെയാണ്. കഠിനാധ്വാനിയായ ആ സ്ത്രീ. യഥാർത്ഥ പേരെന്താണെന്നാർക്കുമറിയില്ല. ആരും തിരക്കിയിട്ടുമില്ല. അവർ താമസിക്കുന്നത് അകന്ന ഒരു ബന്ധുവിന്റെ കൂടെയാണ്. പറഞ്ഞുവന്നാൽ സഹോദരൻ . അക്കയ്ക്ക് വട്ടാണെന്നാണ് അയാൾ പറയുന്നത്. അതു ശരിയാണെന്ന് നാട്ടുകാരും തിരിച്ചറിഞ്ഞിട്ടുണ്ട്. പക്ഷേ അവരെ പണിക്ക് വിളിക്കാൻ ആർക്കും മടിയില്ല. സകലമാന പണിയും ചെയ്യാൻ അവർക്ക് തെല്ലും മടിയില്ല. നടക്കുമ്പോൾ അവർ പിറുപിറുക്കും. തന്റെ സ്വപ്നങ്ങൾ കാണുന്നവരോടൊക്കെ പറയുന്നതും അക്കയ്ക്ക് പ്രിയമാണ്. സ്വന്തമായി ഒരു വീട്. കുറേ സ്വർണ്ണം. അതിനൊന്നും പ്രയാസമില്ലെന്നാണ് അവരുടെ ധാരണ.

ഈ ഇടയായി അവർ കുറച്ച് ദൂരെത്തുള്ള ഒരു വീട്ടിലാണ് പണിക്ക് പോകുന്നത്. എല്ലാം കഴിഞ്ഞ് തിരിച്ചു വരുമ്പോൾ സന്ധ്യയാവും. അക്ക ജോലിക്ക് പോകുന്ന വീട്ടിലെ ഉടമസ്ഥന്റെ മകൻ നഗരത്തിലായിരുന്നു താമസം. ആയിടയ്ക്കാണ് ഒരുപാടു നാളുകൂടി അച്ഛനെയും അമ്മയെയും കാണുവാൻ അയാൾ കുടുംബസമ്മേതം വരുന്നത്. വീട്ടിലെ പുതിയ പുറംപണിക്കാരിയെ അയാൾ ശ്രദ്ധിച്ചു. എല്ലാം കഴിഞ്ഞ് പത്തോ ഇരുപതോ രൂപയാണ് അവർക്ക്

കൊടുക്കുന്നതെന്നറിഞ്ഞപ്പോള്‍z അയാളുടെഭാര്യയ്ക്ക് നിർബന്ധം. അക്കയെ നഗരത്തിലേക്ക് കൊണ്ടുപോകണമെന്ന്. അവിടെയാണെങ്കിൽ വീട്ടുജോലിക്കാരെ കിട്ടാണില്ല. കിട്ടിയാൽ തന്നെ ഇത്രയും പണത്തിന് ആര് പണിയെടുക്കും. വട്ടാണെങ്കിലും നിരുപദ്രവകാരിയായത് കൊണ്ട് പ്രശ്നമില്ല. അക്കയുടെ വീട്ടുകാരും അറിഞ്ഞില്ല. അതിന് അമ്മായിഅച്ഛനും സമ്മതമായിരുന്നു. അങ്ങനെ പെട്ടെന്നൊരു ദിവസം അക്ക അപ്രത്യക്ഷയായി. ആദ്യമൊന്നും ആരും അത് ശ്രദ്ധിച്ചില്ല. പിന്നെ പിന്നെ അക്കയുടെ വിയോഗം എല്ലാവരുംതിരിച്ചറിഞ്ഞു. അവർ എവിടെപ്പോയി ? എന്തിന്പോയി ? ചത്തോ ? ജീവിച്ചിരിപ്പുണ്ടോ എന്നെല്ലാവരും സംശയിച്ചു. അക്കയുടെ വീട്ടുകാരും ആദ്യം ഭയപ്പെട്ടു. പക്ഷേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അക്കയെ എല്ലാവരും മറന്നു. വീട്ടുകാരും മറന്നു നാട്ടുകാരും മറന്നു. അക്ക പോയത് അവരുടെ സ്വപ്നം തേടിയായിരുന്നു. അവർ എപ്പോഴും പറയാറുള്ള തന്റെ സ്വന്തം പുതിയ വീട്ടിലേക്ക്. അവരുടെ സ്വപ്നം സാധിച്ച് കൊടുക്കാമെന്ന് അവൾ,ആ നഗരവാസി പറഞ്ഞിരുന്നു. പക്ഷേ അത് സത്യമല്ലായിരുന്നു. അല്ലെങ്കിലും അക്കയൊരു വട്ടിയല്ലേ.......

-പ്രസീദ പ്രസാദ്



## അമ്മ വിളക്ക്

അമ്മതൻ സ്നേഹത്തിൻ നിറകുടമായിടും
അമ്മതൻ അറിവിന്റെ രാജ്ഞിയായിമാറിടും
ഈ നന്മതൻ ലോകത്തിൽ
വെളിച്ചമായി തീർന്നിടും
അമ്മതൻ അറിവിന്റെ
ലോകമായി മാറിടും

അമ്മ എന്ന രണ്ടക്ഷരം പകർന്നു നൽകിയ
ആദ്യ ഗുരുവായി തീർന്ന അമ്മ
ഈ ലോകത്തിൻ വസന്തമായി
കാവലായി മാറിടും
അമ്മക്ക് പകരം അമ്മ മാത്രം.

ലോകത്തിൻ ഐശ്വര്യലക്ഷ്മിയായി
തീർന്നിടും
നന്മക്ക് വിളക്കായി നിലകൊള്ളും അമ്മ
നിഴൽ പോലെ കൂടെ ഉണ്ടാവും അമ്മ..

എൻ ദൈവസ്നേഹത്തിൻ
സമമായ മാതൃസ്നേഹം
ഈ അണയാത്ത സ്നേഹമാണ്
അമ്മ വിളക്ക്,
ഈ അണയാത്ത സ്നേഹമാണ് അമ്മ വിളക്ക്

ജീന മെറിൻ ജേക്കബ്

9F

## ലഹരി

പകൽ രാത്രിയെ പുൽകും
സാന്ധ്യവേള തൻ
സാന്ദ്രനിർവൃതി...
പൊട്ടിച്ചിരികളാൽ മുഖരിതമാകും
അകത്തളങ്ങൾ;
നിശബ്ദ നാമജപങ്ങളുരുക്കഴിക്കെ
ഞാൻ എല്ലാം മറന്നു നിന്നു .
സാന്ധ്യമേഘ മേലാപ്പിനുമപ്പുറം
മിന്നിത്തുടങ്ങും വൈഡൂര്യ മുത്തുകളെ
കൺമുനകൊണ്ടെയിതു കളിക്കവെ
ഇരുണ്ടരാത്രികറുപ്പിനെ പോലും
മിനുക്കിത്തിളക്കുന്ന
വൈഭവം കണ്ടേൻ ...
ലഹരിപിടിപ്പിക്കുമാ കാഴ്ച
ഭൂമിയിലല്ലാതെ മറ്റെങ്ങു വേറെ
ഉണ്ടാവുമോ മറ്റു ലോകങ്ങളിങ്ങനെ
ആകാശ നീലവും ആഴി പരപ്പും
മലയോരപ്പച്ചയും മഴപാടും പാട്ടും
മലരണിക്കാടും മറ്റെങ്ങാനുമുണ്ടോ ?
ഉന്മത്തമാക്കുന്നു ലഹരിപിടിപ്പിപ്പൂ
ഭൂമി തൻ സൗന്ദര്യമെന്നുമെന്നെ

അഭിരാമി കെ.എസ്

9 A



## <u>മലയാളം കംപ്യൂട്ടിംഗ്</u>
## <u>ഒരു ആമുഖ പഠനം</u>

ആശയവിനിമയത്തിനുള്ള ഉപാധി എന്നതിലുപരി സാമൂഹിക സമരസതയുടെയും സാംസ്കാരിക-സാമ്പത്തിക പുരോഗതിയുടേയും നിതാനം കൂടിയാണ് ഭാഷ. പ്രയോഗത്തിലൂടെയാണ് ഒരു ഭാഷ നില നിൽക്കപ്പെടുന്നതും സമ്പുഷ്ടമാക്കപ്പെടുന്നതും.ഈയൊരു സാഹചര്യത്തിൽ,ജീവിതത്തിന്റെ സമസ്ത മേഖലകൾക്കും നൂതനസാങ്കേതികതയുടെ പരിവേഷം ചാർത്തുന്ന ഐടിയിൽ പ്രാദേശിക ഭാഷയുടെ ആവശ്യകത



എന്തെന്ന് എടുത്തു പറയേണ്ട കാര്യമില്ല. കംപ്യൂട്ടറിൽ മാതൃഭാഷയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരള സംസ്ഥാന വിവര സാങ്കേതിക വിദ്യാവകുപ്പ് രൂപം നൽകിയ മലയാളം കമ്പ്യൂട്ടിംഗ് പോലുള്ള പദ്ധതികൾ മലയാള ഭാഷയിൽ കംപ്യൂട്ടർ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാക്കിയിരിക്കുന്നു.

അച്ചടിക്കുവേണ്ടി നിർമ്മിക്കപ്പെട്ട വിവിധ സോഫ്റ്റ് വെയറുകളിൽ തുടങ്ങി യുണിക്കോഡ് എൻക്കോഡിംഗിൽ അധിഷ്ഠിതമായ മലയാളം ഫോണ്ടുകളുടെ ടൈപ്പിംഗ് സാധ്യമാക്കിയ ഉപകരണങ്ങൾ വരെയുള്ളതാണ് മലയാളം കംപ്യൂട്ടറംഗിന്റെ അറിയപ്പെടുന്ന ചരിത്രം. ഇന്റർനെറ്റിൽ മലയാളം സജീവമായി തുടങ്ങിയതു പോലും രണ്ടായിരത്തിനു ശേഷമാണ്. മലയാളം അക്ഷരരൂപങ്ങളെ കാട്ടിത്തരുന്ന ഫോണ്ടുകളുടെ ഏകീകൃതമായൊരു കോഡിംഗ് രീതി നിലവിലില്ലാതിരുന്നതിനാൽ ഓരോ വെബ്സൈറ്റ് കാണുന്നതിനും അതാതിന്റെ ഫോണ്ടുകൾ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യണമായിരുന്നു. ഇത് സാധാരണക്കാരായ ഉപയോക്താക്കൾക്ക് അൽപ്പം ബുദ്ധിമുട്ട് ഉളവാക്കി. പിന്നീട് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ മലയാളം യൂണീക്കോഡ് ഫോണ്ടുകൾ ഉൾപ്പെടുത്തി തുടങ്ങി യതോടെ കംപ്യൂട്ടിംഗ് മലയാളവും വഴക്കമുള്ളതായി.

**ആർച്ച**
9 E

**ജീവിതതീരം**

അങ്ങകലെ ജ്വലിച്ച്
താഴുന്നിതാ
ഇന്നെന്ന വാക്കിന്നർഥം
ആഴിതൻ അഗാധതയിൽ നിന്നും
ഉയരുന്നിതാ
മരണമാം ചുരികൾ പരക്കേ

സ്വപ്നത്തിൻ വള്ളം
ഉലയുന്നിതാ
അകലെ അകലെ
അങ്ങകലേ
കണ്ണ് നട്ടിരിക്കും
എനിക്കെന്തു നൽകും നീ
ഇന്നും വിഷാദിപ്പൂ ഞാൻ
കേരവൃക്ഷം തൻ ഓലയിൽ പൊൻ ചന്ദ്രൻ
വിതറിയ ശോഭ വീണ്ടും
അകലെ നിന്നീ കാഴ്ച
എത്ര മനോഹരം
ഇതെന്റെ
ജീവിതതീരം.....

**സാലിക്കുട്ടി മിസ്സ്**



**പാതിവഴിയിൽ വച്ച് വിടചൊല്ലട്ടെ ......**

എല്ലാ കൊല്ലവും ജനവരി ഫെബ്രുവരി
മാർച്ച മാസങ്ങളിൽ മനസ്സിൽ
വല്ലാത്തൊരു നീറ്റൽ തുടങ്ങും .ആ വർഷം
സർവീസിൽ നിന്ന് വിരമിക്കുന്ന
പ്രിയപ്പെട്ടവരെക്കുറിച്ചുള്ള നീറ്റൽ ..
ഇക്കൊല്ലം അതിനിത്തിരി വേദന
കൂടുതലാണ് .സ്നേഹിക്കാൻ
മാത്രമറിയാവുന്ന ......നല്ലതു മാത്രം
പറയാനറിയാവുന്ന ........ഏതു
സഹപ്രവർത്തകരെയും ബഹുമാനിക്കുന്ന
സോഷ്യൽ സയൻസ് അധ്യാപിക ഷേർലി
ടീച്ചറെ ഓർക്കുമ്പോൾ ......
പ്രോത്സാഹനം എന്ന പേരിന്റെ
പര്യായമാക്കാവുന്ന .........റെഡ്
ക്രോസ്സിന്റെ തലൈവിയായ .........ഗണിത
രസങ്ങൾ കൊണ്ട് കുട്ടികളെ മയക്കുന്ന
റീത്താമ്മ ടീച്ചറെ ഓർക്കുമ്പോൾ .....
കുട്ടികളുടെ പൊന്നു ടീച്ചർ .......കൊച്ചു
ടീച്ചർ ......നല്ല ടീച്ചർ എന്ന പേര്
സമ്പാദിച്ച പാഠ്യ പഠ്യേതര വിഷയങ്ങളിൽ
നൂതന ആശയങ്ങൾ എന്നും
സമ്മാനിക്കുന്ന ആഗ്നസ് ടീച്ചറെ
ഓർക്കുമ്പോൾ .......
ഓഫീസ് മുറിയുടെ നിശബ്ദ്തയിൽ
കണക്കും സർവീസ് പ്രശ്നങ്ങളും ശമ്പള
ബില്ലും ഗ്രാൻഡ് ബില്ലുമൊക്കെയായി മല്ല
യുദ്ധം നടത്തി  വിജയിക്കുന്ന
സ്നേഹനിധിയായ മാധത്തിനെ
ഓർക്കുമ്പോൾ ........
സർവീസിൽ നിന്ന് വിരമിക്കുന്നെങ്കിലും
അവരുടെ ശിഷ്ടായുസ്സ്
അനുഗ്രഹപൂർണമാകട്ടെ

**എൽസമ്മ  മിസ്സ്**

# മറയൂർ എത്ര സുന്ദരി

മലയോര ജില്ലയ്ക്കുങ്ങഭിമാനമായി
മലനിരകൾ കൈകോർക്കും മലയൂരാം നാടേ
നിൻ ഗ്രാമ ഭംഗിടെ വർണ്ണിച്ചീടാനും
വാക്കുകൾക്കാവില്ല ദർശിക്കവേണം

കാടും മലകളും തോടും പുഴകളും
കാട്ടു മൃഗങ്ങളും കാട്ടുതേനും
ചന്ദനക്കാടിന്റെ ഗന്ധം വഹിക്കുന്ന
തെന്നലാൽ ധന്യതയാർന്ന ഗ്രാമം

മധുരിക്കും ശർക്കരയും മധുരിക്കും കായ്കനികൾ
മധുരിക്കും തേനും നിൻ സ്വന്തമല്ലോ
ളുവെള്ളച്ചാട്ടങ്ങൾ കാട്ടരുവികളും
പുഞ്ചപ്പാടംപ്പോൽ കരിമ്പുപാടം

എവിടെത്തിരിഞ്ഞങ്ങ് നോക്കിയാലും
അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം
ചങ്ങമ്പുഴ തന്റെ ഈ വരികളന്ന്
നിന്നെക്കുറിച്ചുള്ളതായിരിക്കാം

പൂർവ്വചരിതങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന
മുനിശ്രേഷ്ഠർ വാണ മുനിയറയും
ശൈത്യം നകർന്നിടാൻ ഹേമന്തകാലവും
നീലക്കുറിഞ്ഞിതൻ നീലിമയും

നിന്നിലേക്കുള്ള കവാടമാം മൂന്നാറിൽ
വശ്യതയാർന്നിട്ടും രൂപഭംഗി
കണ്ടു രസിച്ചിടാം പോകും വഴിയിലും
തെയില പാടങ്ങൾ ദൂരെ കാഴ്ച

ഇത്രമേൽ ധന്യതയാർന്ന നിൻ ഭംഗിയെ
ദർശിച്ചിടാൻ മാത്രമായിത്തന്നെ
നിത്യവും എത്ര പേർ നിൻമടിത്തട്ടിലേയ്-
ക്കെത്തിപ്പെടുന്നു മറ്റെന്തു വേണം..

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽപ്പെട്ട
മറയൂർ  എന്ന ഗ്രാമം സന്ദർശിച്ചിട്ട് തിരികെ
വരുമ്പോൾ എന്റെ മനസ്സിൽ തോന്നിയ ഒരു
യാത്രാവിവരണ കവിതയാണിത്.}}

പാർവതി നായർ

9 G



## ജ്ഞാനപീഠം നേടിയവർ

1.ജി.ശങ്കരക്കുറുപ്പ്-1995(മലയാളം)
2.താരാശങ്കർ ബാനർജി-1966(ബംഗാളി)
3.കെ.വി. പുട്ടണ്ണ-1967 (കന്നഡ)
4.സുമിത്രാ നന്ദൻ പന്ത്-1968(ഹിന്ദി)
5.ഫിറാക് ഗോരക് പുരി-1969(ഉറുദു)
6.ഡോ. വിശ്വനാഥ സത്യനാരായണ-1970(തെലുങ്ക്)
7.വിഷ്ണു ഡേ-1971(ബംഗാളി)
8.രാം ധാരി സിംഗ് ദിനകർ 1972(ഹിന്ദി)
9.ബി.ആർ ബന്ദ്രേ-1973(കന്നഡ)
10.വി. എസ് ഖാണ്ഡേക്കർ-1974(മറാഠി)
11.അഖിലൻ-1975(തമിഴ്)
12.ആശാപൂർണാദേവി-1976(ബംഗാളി)
13.ശിവരാമകാരന്ത്-1977 (കന്നഡ)
14.എസ്.എച്ച്. വാത്സായൻ-1978(ഹിന്ദി)
15.ബി.കെ ഭട്ടാചാര്യ-1979(ആസ്സാമീസ്)
16.എസ്.കെ പൊറ്റക്കാട്-1980(മലയാളം)
17.അമൃതാപ്രീതം-1981(പഞ്ചാബി)
18.മഹാദേവി വർമ്മ-1982(ഹിന്ദി)
19.മാസ്തി വെങ്കിടേശ്വര അയ്യങ്കാർ-1983(കന്നഡ)
20.തകഴി ശിവശങ്കരപിള്ള-1984(മലയാളം)
21.പന്നലാൽ പട്ടേൽ-1985(ഗുജറാത്തി
22.ഡോ.സച്ചിദാനന്ദ റൗത്ത്റായി-1986(ഒറിയ)
23.വി.വി ശിർവാദ്കർ-1987(മറാഠി)
24.ഡോ.സി. നാരായണ റെഡ്ഡി-1988(തെലുങ്ക്)
25.ഖുർറത്തുലൈൻ ഹൈദർ-1989(ഉറുദു)
26.വിനായക് കൃഷ്ണ ഗോകക്-1990(കന്നഡ)
27.സുഭാഷ് മുഖ്യോപാധ്യായ-1991(ബംഗാളി)
28.നരേഷ് ചന്ദ്രമേത്ത-1992(ഹിന്ദി)
29.ഡോ.സീതാകാന്ത് മഹാപത്ര-1993(ഒറിയ)
30.പ്രൊഫ.യു.ആർ അനന്തമൂർത്തി-1994(കന്നഡ)
31.എം.ടി വാസുദേവൻ നായർ-1995(മലയാളം)
32.മഹാശ്വേതാ ദേവി-1996 (ബംഗാളി)
33.അലി സർദാർ ജാഫ്രി-1997(ഉറുദു)

## ക്വിസ്

1.ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?
2.ഇന്ത്യയിലെ ആദ്യത്തെ കമ്പ്യൂട്ടർ സ്ഥാപിച്ചത് എവിടെ?
3." A Cricketer In The Making" എന്നത് ആരുടെ പുസ്തകമാണ്?
4.പ്ലൂട്ടോയുടെ ഉപഗ്രഹം ഏത്?
5.മനുഷ്യ നിർമ്മിതമായ ആദ്യ മൂലകം?
6.കൃത്രിമ ശരീരഭാഗങ്ങൾ നിർമ്മിച്ചുപയോഗിക്കുന്ന ശാസ്ത്ര ശാഖ ഏത്?
7.കേരളത്തിലെ ആഫ്രിക്ക എന്ന ഗ്രന്ഥം രചിച്ചതാര്?
8.ലോകത്തിലെ ഏറ്റവും ചെറിയ പക്ഷി ഏത്?
9.ദക്ഷിണ കാശി എന്നറിയപ്പെടുന്ന സ്ഥലം ഏത്?
10.ഇന്ത്യയിലെ ലാവാ പീഠഭൂമി എന്നറിയപ്പെടുന്നതേതാണ്?
11.1998-ലെ വയലാർ അവാർഡ് നേടിയത് പ്രൊഫ. എസ് ഗുപ്തൻനായർക്ക് ആയിരുന്നു. അദ്ദേഹത്തിന്റെ ഏതു ഗ്രന്ഥത്തിനാണ് ആ അവാർഡ് ലഭിച്ചത്?
12.ഒരൊറ്റ നടൻ മാത്രം ആഭിനയിച്ച ഹിന്ദി ചിത്രം ഏത്? നടൻ ആര്?
13.ലോക ഫുഡ്ബോളും ലോക ക്രിക്കറ്റും കളിച്ചിട്ടുള്ള ഏക താരം?
14. ധർമ്മം, അർത്ഥം, കാമം , മോക്ഷം എന്നിവയ്ക്ക് പറയുന്ന ഒറ്റപ്പേര്?
15.പത്തു കൽപ്പനകൾ എഴുതിയ കല്ലുകൾ സ്ഥാപിച്ച പർവ്വതം ഏത്?
16.ബഹിരാകാശത്ത് നടന്ന പ്രഥമ വനിത?
17.ഇന്നത്തെ ലോകത്തിലെ ഏറ്റവും വിലകൂടിയ ഗ്രന്ഥം ഏത്?18.ലോകത്തിലെ ഏറ്റവും നീളം കൂടിയ ഉക്കുപാലം ഏത് ?



## ഉത്തരങ്ങൾ

1.വിന്റൺ സർഫ്
2.ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്,കൽക്കട്ട
3.സച്ചിൻ ടെൻഡുൽക്കർ
4.ഷാരോൺ
5. നെപ്റ്റ്യൂണിയം
6.പ്രോസ്റ്റെറ്റിക്ക്സ്
7.കെ.പാന്തൂർ
8.ബീ ഹമ്മിങ് ബേർഡ്
9.തിരുനെല്ലിയിലെ പാപനാശിനി
10.ഡക്കാൺ
11.സൃഷ്ടിയും സൃഷ്ടാവും
12.യാദേം,സുനിൽദത്ത്
13.വിവിയൻ റിച്ചാർഡ്
14.പുരുഷാർത്ഥം
15.എബാൽ
16.സ്വറ്റ്ലാന 17.'Helmut Newton's sumo 'വില 1585 ഡോളർ 18.അകാഷികായ് ക്യോ

## പൂന്തോട്ടം

പൂച്ചെടി നട്ടു പൂമുറ്റത്തൊരു

പൂന്തോട്ടം ഞാനുണ്ടാക്കി

പൂക്കൾ വിടർന്നു പൂമ്പാറ്റകളാ-

പൂന്തേനുണ്ടു മദിച്ചല്ലോ..

പൂമണമൊഴുകിയിളം കാറ്റിൽ ചെറു,

ചില്ലകൾ ആടി താളത്തിൽ

പൂക്കളിറുക്കാൻ മാല കൊരുക്കാൻ

കുഞ്ഞിക്കൈയ്യുകൾ വന്നല്ലോ

ചക്കരയുമ്മ പകർന്നപോലൊരു
പൂവായി കുഞ്ഞു ചിരിച്ചല്ലോ..

അപർണ മജ്നു
9 A





**എന്റെ മാവ്**

മുറ്റത്തു ഞാനൊരു മാവ് നട്ടു
നല്ലൊരു കർപ്പൂര മാവിൻതൈ
മാവിന് വെള്ളവും വളവുമേകി
വളമേറ്റു എൻ മാവ് പന്തലിച്ചു
ചില്ലയിൽ പക്ഷികൾ വന്നിരുന്നു
അതുകണ്ട് എൻ മനം സന്തോഷിച്ചു
നാളുകളോട്ടു കഴിയും നേരം
എൻ മാവ് പൂവിട്ടു കുലകൾ തൂങ്ങി
ഒരുനാൾ ഞാൻ നോക്കും നേരം
മാങ്ങകളൊക്കെയും പഴുത്തുനിൽപ്പൂ
നല്ലൊരു കർപ്പൂര മാമ്പഴങ്ങൾ.



അഞ്ജന ദേവി പി.എ
9 D

## സംസ്കാരവും വിദ്യാഭ്യാസവും

മൂല്യബോധവും തിരിച്ചറിവുമാണ് സംസ്കാരം. താനാരാണെന്ന ഉള്ളറിവും മറ്റുള്ളവർ ആരൊക്കെ എന്ന തിരിച്ചറിവും സംസ്കാരത്തിന്റെ ഭാഗം തന്നെ. നിയതവും നിശ്ചിതവുമായ പരിധിക്കുള്ളിൽ നിർത്തി സംസ്കാരത്തെ വിശധീകരിച്ചാൽ അതിന്റെ അന്തസ്സത്തേയ്ക്ക് കോട്ടം തട്ടുമെന്ന് ഈ മേഖലയിൽ ചിന്തിച്ച വിജ്ഞാനികൾ പറയുന്നു. ആഴത്തിലും പരപ്പിലും അർത്ഥം ഉള്ള പദമാണ് സംസ്കാരം. വിദ്യാഭ്യാസവും സംസ്കാരവും ഒരു നാണയത്തിന്റെ ഇരു വശങ്ങളാണ്.
ഓരോ വ്യക്തിയിലും സ്വതന്ത്ര ചിന്ത വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. പാരമ്പര്യത്തിൽ മുറുകെ പിടിക്കാതെ മാറ്റത്തെ സ്വയം ഉൾക്കൊള്ളുകയാണ് ഓരോരുത്തരും ചെയ്യുന്നത്. വിദ്യകൊണ്ട് വളരുന്നത് വിവേകമാണ് വിവേചിച്ചറിയുകയാണ് വിദ്യാഭ്യാസം. ഒരു സമൂഹം ശ്രേഷ്ഠമാകണമെങ്കിൽ അതിലെ അംഗങ്ങൾ നന്മയുള്ളവരാകണം. മനുഷ്യനന്മയെ സഹായിക്കുന്ന ആദർശങ്ങളും ജീവിതരീതികളും പരിപാലിക്കാൻ വേണ്ട മനസ്സാനിദ്ധ്യവും ലഭിക്കേണ്ടത് വിദ്യാലയങ്ങളിൽ നിന്നാണ്.

മേഘ മറിയം പോൾ

# <u>ചതിക്കുന്ന മനുഷ്യൻ</u>

**ഒ**രിക്കൽ ദാമുവെന്നൊരാൾ കാട്ടിലൂടെ പോയപ്പോൾ കിണറ്റിൽ വീണുപോയ ഒരു കുറുക്കനേയും പാമ്പിനേയും രക്ഷിച്ചു. കൂടെ അടുത്ത കിണറ്റിൽ നിന്ന് ഒരു മനുഷ്യനേയും കരയ്ക്ക് കയറ്റി. കുറെ നാളുകൾക്കു ശേഷം ദാമു ആ കുറുക്കനെ കണ്ടു. "

"എന്റെ മാളത്തിലേക്ക് വരൂ. അങ്ങേയ്ക്ക് ഞാൻ കൈ നിറയെ സമ്മാനം നൽകാം"കുറുക്കൻ പറഞ്ഞു. കുറുക്കൻ ദാമുവിന് കുറെ ആഭരണങ്ങൾ നൽകി.

"വിലയേറിയ ഈ ആഭരണങ്ങളെല്ലാം അങ്ങെടുത്തുകൊള്ളൂ.. " കുറുക്കൻ പറഞ്ഞു.ആഭരണങ്ങളുമായി വരുന്ന വഴി ദാമു ഒരാളെ കണ്ടു. പണ്ടു താൻ കിണറ്റിൽ നിന്നും രക്ഷിച്ച മനുഷ്യനായിരുന്നു അതെന്ന് ദാമുവിന് മനസ്സിലായി. " ഏയ് ... ഈ ആഭരണങ്ങൾ വിറ്റ് പണമാക്കാൻ എന്നെ സഹായിക്കുമോ..?" ദാമു അയാളോടു ചോദിച്ചു. അയാൾ ആഭരണങ്ങൾ വാങ്ങി നോക്കി.

"ങ്ഹേ, ഇത് കൊട്ടാരത്തിൽ നിന്നും കള്ളന്മാർ മോഷ്ടിച്ചുകൊണ്ടു പോയ ആഭരണങ്ങളാണല്ലോ? അയാൾക്ക് മനസ്സിലായി. ഉടൻ തന്നെ അയാൾ ഈ വിവരം ഭടന്മാരെ അറിയിച്ചു. ഒന്നുമറിയാതെ ഭടന്മാർ ദാമുവിനെ പിടികൂടി. ദാമു രക്ഷിച്ച പാമ്പ് ഉടനെ അവിടെ എത്തി. പാമ്പിനെ കണ്ടതും ഭടന്മാർ പേടിച്ചോടി.

'ചതിയന്മാരായമനുഷ്യരേക്കാൾ കുറുക്കനും പാമ്പുമൊക്കെയാണ് ഭേദം! ' ദാമുവിനു മനസ്സിലായി. കള്ളന്മാർ ആഭരണങ്ങളുമായി കാട്ടിലൂടെ പോയപ്പോൾ കുറെയെണ്ണം താഴെ വീണുപോയിരുന്നു. അവയാണ് കുറുക്കൻ ദാമുവിനു നൽകിയത്.

അലീന സി.എ

9 C



## ദുരിതാശ്വാസ ക്യാമ്പ്

പ്രളയം മൂലം വീട് തകർന്നപ്പോൾ ദുരിതാശ്വാസ ക്യാംപിലെത്തിയതാണ് സാജൻ വക്കീലും കുടുംബും. ഭക്ഷണം വാങ്ങിച്ച് കഴിക്കാനിരുന്നപ്പോൾ എതിരേ ഒരു കുടുംബം ഇരിക്കുന്നത് കണ്ടു.ആ കുടുംബത്തിന്റെ നാഥൻ എന്ന് തോന്നിക്കുന്ന ഒരാളെ നോക്കി സാജൻ വക്കീൽ പുഞ്ചിരിച്ചു. എന്നിട്ട് അയാളോടു ചോദിച്ചു. " നിങ്ങളുടെ പേരെന്താണ്? " . അയാൾ ഉത്തരം പറഞ്ഞു. "ഉത്തമൻ"."വീടെവിടെയാണ് " വക്കീൽ വീണ്ടും ചോദിച്ചു. "ലയൺസ് ക്ലബ്ബിന്റെ പിന്നിൽ " അയാൾ പറഞ്ഞു. അത്ഭുതസ്തബ്ധനായി സാജൻ വക്കീൽ പ്രതിവചിച്ചു." ങേ, എന്റെ വീടിന്റെ മുൻപിലോ?" അവർ പരസ്പരം നോക്കി.

നന്ദ .വി 9 F

## ജീവിതം



എളുപ്പവഴിയിൽ
ക്രിയചെയ്യാത്തൊരു
ഗണിതമല്ലോ ഈ ജീവിതം
കല്ലും മുള്ളും ചവിട്ടേണം
മലയും കുന്നും കയറേണം
കയറിയിറങ്ങി
നടക്കുന്നിവിടെ
സുഖദുഃഖങ്ങൾ ഒന്നൊന്നായി
മേലെ പടിയിൽ നോക്കി
അളന്ന്
ഇല്ലായ്മകളുടെ രോധനങ്ങൾ
താഴേ പടിയിൽ നോക്കി
അളന്നാൽ
ഉള്ളായ്മകളുടെ സന്തോഷം
നല്ലതു ചിന്തിച്ചൊന്നു
നടന്നാൽ
നന്മകൾ കൊയ്യാം
നിരനിരയായി....

മേഘ മറിയം പോൾ




**ഓർമ്മകളുടെ മുറ്റം**

ഞാനാദ്യമാദ്യമായന്ന്
ഓടിയോടി
കളിച്ചതെൻ കൂട്ടുകാർ കൂടെ
അല്ലോ..
എൻ മനസ്സെന്നെന്നും ആ
അങ്കണത്തിൽ
മായാതെ മായാതെ
നിൽക്കുമല്ലോ..
എൻ സധീർഥ്യരെ ഒരിക്കൽ
കൂടി
ഞാനാ അത്തിമരച്ചുവട്ടിൽ
കണ്ടുവല്ലോ..

ഞാൻ ഓടി ഓടി കളിച്ച
വരാന്തയും
മുറ്റവും എന്നെന്നും എൻ
ഹൃത്തിലല്ലോ
ആ വെളിച്ചത്തിൻ നറുങ്ങു
വെയിൽ നാളം
എന്നെന്നും എൻ ഹൃത്തിനെ
പുൽകുമല്ലോ....

ഗൗരി പ്രിയ റ്റി. ബാബു
9 E

**മഹാത്മാരുടെ വചനങ്ങൾ**

1..**മദർ തെരേസ:** നിങ്ങൾക്ക് വേണ്ടാത്തത് നിങ്ങൾ ആർക്കെങ്കിലും കൊടുക്കുന്നുവെങ്കിൽ അത് ദാനമേയല്ല.

2.**മഹാത്മാ ഗാന്ധി:** ജീവിതം ഒരൊറ്റ നേർരേഖയല്ല. പലപ്പോഴും പരസ്പര വിരുദ്ധങ്ങളായ കർത്തവ്യങ്ങൾ കെട്ടുപിണഞ്ഞ് കിടക്കുന്ന ചരടാണ്.

3.**ടാഗോർ:** ഒരു പൂവിനേയും പൂമ്പാറ്റയേയും നിറം കൊണ്ട് വിലയിരുത്തിയേക്കാം. എന്നാൽ ഒരു മനുഷ്യനെ അങ്ങനെയാകരുത്.

4.**ശ്രീബുദ്ധൻ:** ലോകത്തിൽ ഒരിക്കലും വിദ്വേഷം കൊണ്ട് ദോഷം ഇല്ലാതാകുന്നില്ല.

5.**വയലാർ:** മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ ദൈവം മനസ്സിൽ ജനിക്കുന്നു.മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ ദൈവം മനസ്സിൽ മരിക്കുന്നു

6.**കൺഫ്യൂഷ്യസ്:** തെറ്റ് കണ്ടാൽ തിരുത്താത്തതാണ് വലിയ തെറ്റ്.

7.**ലിയോ ടോൾസ്റ്റോയി:** മനുഷ്യസമുദായത്തെ നന്നാക്കാൻ വളരെ പേർ ഓടി നടക്കുന്നുണ്ട്. സ്വയം നന്നാവാൻ അവർ ഒരുക്കമല്ല.

**ക്വിസ്**

1. കപ്പൽ നിർമ്മാണത്തിൽ ഏറ്റവും പുരോഗമിച്ച രാഷ്ട്രം ഏത് ?

2.പോസ്റ്റ് ഓഫീസ് എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

3.രണ്ടാം ലോകമഹായുദ്ധത്തിൽ ജപ്പാനിലെ ഹിരോഷിമയിൽ അമേരിക്ക വിക്ഷേപിച്ച അണുബോംബിന്റെ പേരെന്ത് ?

4.അന്തർദേശീയ നീതിപീഠത്തിന്റെ ആസ്ഥാനം എവിടെ ?

5.ഏറ്റവും പ്രകാശമുള്ള നക്ഷത്രമേത് ?

6. അമേരിക്കയുടെ ദേശീയ ചിഹ്നം ഏത് ?

7.ഇന്ത്യയുടെ ദേശീയ വൃക്ഷം ഏത് ?

8.ചുവന്ന വനിത എന്നറിയപ്പെടുന്ന നഗരം ഏത് ?

**ഉത്തരങ്ങൾ**

1.ജപ്പാൻ 2.രവീന്ദ്രനാഥ ടാഗോർ
3.ലിറ്റിൽ ബോയ് 4.ഹേഗ്
5.സിറിയസ്
6.കഴുകൻ 7.അരയാൽ 8.റോം

# സ്കൂൾ പ്രവർത്തനങ്ങൾ ഒരവലോകനം


Kuttikoottam


Cleaning


Vaayanadinam


Muthassimaavu samrakshanam


Mother's Computer training


Kuttikoottam training


Work experience club


Rajyapuraskar winners

**പച്ചക്കറിത്തോട്ടം**
























Youth festival













അഗതി മന്ദിര സന്ദർശനം





കരൾ ശസ്ത്രക്രിയ സഹായം

ഓണകിറ്റ്





പൊതിച്ചോറ് വിതരണം

നിർധനരായ കുട്ടികൾക്ക് സഹായം



Kaiyyezhuthu maasika








SPC





Kuttikoottam

Library

SR.VIRGINIA MEMORIAL BASKET BALL TOURNAMENT
& SCHOOL SPORTS







## Aims Of Little Kites

* To provide an opportunity for students to lean the different perspectives of ICT tools, so as to make use of them for their learning activity.

* To enrich students on proper and safe Internet usage and cyber security, and also to inculcate the importance of language computing.

* To ensure participation of students in the usage and up keeping on ICT equipments at schools.

* 5To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

Parvathy A Panicker

9g

## *MY MOTHER*



*OH GOD , MY*
*MOTHER*
*SHE BEHINDS*
*ALL THE*
*SUCCESS IN MY*
*LIFE*
*SHE IS NOT MY MOTHER*
*SHE IS MY GOD,TEACHER*
*AND MY ROLE MODEL*

*MY MOTHER, SHE IS MY EVERYTHING*
*SHE MAKES ME A GOOD PERSON*
*ONE DAY I RECEIVE ALL MY SUCCESS*
*THAT DAY I WILL BE THE MOST*
*HAPPIEST PERSON IN THE WORLD*

*BUT I GIVE ALL MY SUCCESS*
*TO MY MOTHER BECAUSE*
*HER HARD WORK MAKES ME THE*
*WINNER*

*I THINK MY MOTHER*
*IS THE MOST LOVABLE*
*MOTHER IN THE WORLD*

*SIKHA SAJI*
*9 C*



DISASTROUS DELUGE

*GUSH OF WATER, SOURCE OF LIFE*
*STREAM OF WATER NURTURE THE PLANTS*
*DROP OF RAIN THAT KISS THE LEAVES*
*THE DRIZZLING THAT DANCES THE AIR*

*THE YOUNG AND THE OLD CHERISH THE DRIZZLING*
*THE RAIN AND WATER THRILLS US*
*TURNED TO A MONSTER FOR A SHORT WHILE*
*LEAVING ALL SHOCK UPON SHOCK*
*SLATHERING THE LAND*

*THE CLOUD THAT GATHERED AND ROLLED*
*TURNS TO BE RAIN WHEN THE WIND BLOWS*
*IT GATHERED AGAIN AND AGAIN*
*GATHERED AGAIN AND AGAIN.*

*FALLING HEAVILY FROM THE SKY INCESSANT*
*BECAME DISASTROUS*
*POURING AND FALLING GUSHING AND FILLING*
*FLOODED ALL OVER LEAVING AWAY ALL IT'S JOYS.*

*ALL THE FORTY-FOUR DAMS OPENED*
*THE DOOM OF 2WATER VISIBLE ALL THROUGH*
*UNCONTROLLABLE AND IRREPRESSIBLE*
*THE POWERS OF HUMAN HELPLESS*

*A FLOOD OF VAPOR VEINS, FLOWERS WILTED BEAUTY.*
*IT'S BRUISING STEMS AND CURLING LEAVES,*
*JUST TO ABANDON A HUSK IN UNDETECTED LOVE.*
*IT'S CARCASS LEFT*

*OVER FLOODED RIVERS CARRIED AWAY LIVES*
*OF BOTH FAUNA AND FLORA*
*HOUSES AND SHOPS, BRIDGE4S AND LANDS*
*A DREADFUL VISUALS UNFORGETTABLE STILL*

*LOST LIFE, WEALTH, HEALTH AND WARMTH*
*PERPLEXED, STUNNED,GRIEVING AND MOURNING*
*SEARCHING,ROWING,SWIMMING AND RESCUING*
*WENT ON TIMELESSLY ENDLESSLY*

*THE LAND AND THE HUMAN LOST*
*LIFELOST FOREVER LOST MANY AND MUCH*
*THE POOR LOST THE LITTLE THEY HAVE*
*MADE THEM POORER AND POOREST*

*THE POWERFUL DENIED THE POOR*
*DENIED THEIR FOOD,SHELTER AND CLOTHING*
*MADE REALLY INSOLVENT AND NEEDY*
*SAME GRABBED THE MEAGER OF THE OTHER*

*THE EYES ARE FULL AND COMPASSIONATE*
*HEART THROB IN HELPLESSNESS*
*WHO,WHEN AND HOW…?*
*ONLY ROLLING TEARS ALONE*

*THE TRIVE TO REGAIN*
*CONSOLING,CARING AND CURING*
*HOPING RICHNESS JUST NEAR AND NEARER*
*THE WOUNDS ARE HEALING, THE JOY BACK HOME*

*SR MERCY*



# *How Can I Pass*




*It is not my fault I fail because the year has only 365 days. READ ON.....*

*1. Sunday Holiday- 52 days (They are meant for total rest)*

*Balance 313 days*

*2. Summer Holidays-40 days*

*Balance 273 days*

*3. Eight hours daily for sleep means 122 days in a year.*

*Balance 151 days*

*4. One hour daily for playing – 15 days {Playing is good for health}*

*Balance 136 days*

*5. One hour daily for food 15 days*

*Balance 121 days*

*6. One hour for talking – 15 days {Man is a social animal}*

*Balance 106 days*

*7. Approximately 10 examination days per year . {Papers have to be filled at least}*

*Balance 96 days*

*8. Movies once in a month-12 days*

*Balance 84 days*

*9.Onam,Christmsas,,Deepavali,Ramzan holidays-25 days*

*Balance 59 days*

*10.For illness at least 10 days*

*Balance 49 days*

*11.For travelling-10 days*

*Balance 39 days*

*12.Writing records,home work etc..-20 days*

*Balance 19 days*

*13.Three days for sorrow.*

*Balance 16 days*

*14. College union meetings,Inter collegiate speech competitions - 8 days*

*Balance 8 days*

*15. For day dreaming and fantasy, minimum - 5 days*

*Balance 3 days*

*16. Collage day and arts festival – 2 days*

*Balance 1 day*


*17. This day passes, thinking of what to study.*


*Now you tell me.*
*When can I study ?*

*Parvathy Nair.*
*9G*

# Motivational Quotes





** A champion is defined not by their wins but how they can recover when they fall.*

*Serena Willians*

** If you can lay down at night, knowing in your heart that you made someone's day a little bit brighter you know you had a good day.*

** The best preparation for tomorrow is doing your best today.*

*H.Jackson Brown J.R*

** keep your face always toward the sunshine and shadows will fall behind you.*

*Walt Whitman*

** If you cannot do great things do small things in great way.*

*Martin Luther King*

** Believing in yourself is the first secret of success.*

** Achievement with negative attitude is luck. Achievements with positive attitude is success.*

** The only way to do great work is loving the work which we do.*

** Adopting the right attitude can convert a negative stress in to a positive one .*

*Hans Selye*

** Everybody wants happiness, nobody wants pain but you can't have a rainbow without a little rain.*

** When it rains look for rainbows. When it's dark look for stars.*

*Swetha Varghese*
*9G*

## USES OF MOBILE PHONES IN ECONOMY

Nowadays,the uses of mobile phones is increased in  the economy The people are using the mobile for communication .In early years people used letters to communicate with each other .every time keep their communication we communicate with many unknown persons.



In modern world even the small children are having their own mobile phones .If we have a mobile  we will addicted to it .Without it we can't sleep, bath ,eat etc. Now we can see an excessive user of mobile phone in teenagers. They use of mobile for   contacts and for watching videos and many other purposes. Now each and every company is producing new type of mobiles every day. Teenagers are changing their mobiles like changing their clothes.

The excessive use of mobiles will make a huge in the environment increased use of mobile phones are harmful for the environment or economy.

Devika Binu
9F

## ***The Story Of Happiness***

*A  Farmer had four sons who were all lazy. Their field lay unused for a few years. The farmer was much worried about their future. He wanted them to work and earn their living. For this he thought of a plan.*

*He called his sons one day and said,"My sons ,I have grown very old. I may die and day. I have all my money put in a pot and buried in our field. Now my eyesight too has gone bad and I cannot show me place where is buried. You may find it and share it among yourselves."*

*The sons needed money for everything. So they decided to dig the field and find the money out. The farmer said to them, "ploughing is easier than digging and it will be quicker, too."*

*The next morning the sons went ton the field and ploughed  the field deep! The whole day. But they did not  find any pot buried there.  they came home disappointed and said ton their father "All our our work in the field has gone to waste... your money is not there "*

*The farmer said , "I am sorry, the money is missing . Someone might have stolen it. I don't think that your labour has gone to waste . You had already put in your labou4r which is worn more than half the money lost. Now, let it not go to waste . The field is wet and ready for sowing. If you sow the seeds now, you will have a good harvest and that will be the reward for your labour "*

*The sons thought that their father was right. So the next day they may sowed the corn seeds after six months, they had it very good harvest and it bought them a lot of money. This made them happy. May understood that hard work brought them all wealth, health and happiness*

*Ameeksha Maria Alby*
*9D*



# FULL FORMS

***INDIA***


***I-Independent***
***N-Nation***
***D-Declared***
***I-In***
***A-August***

## ADOLESCENCE

***A-Ambivalence***
***D-Distance from parents***
***O-Opposing tendency***
***L-Loneliness***
***E-Ego identity***
***S-Sexual feelings***
***C-Comparison***
***E-Emotional exploitation***
***N-Nassism***
***C-Conceptualisation***
***E-Experimentation***

***Devika Vinod***
***9C***

# Hidden Greatness



*There was once a big fig tree in a village. It grew in the yard of a physician's house. There was another small plant by the side of the fig tree. The fig tree did not like it at all. "Humph ! What good are you ? Just look at me. My leaves, bark and even root are needed for making medicines.*

*The small tree felt sad. One day the physician was walking towards the fig tree and suddenly it's branch hit his eye. He cried with pain.*

*His son came out of the hut and plucked a small leaf from the same plant and he said this plant is rarely good for medicine. Hearing the qualities of the small plant the fig was shocked and he felt ashamed of himself.*

*AISWARYA MOHANDAS*
*9G*

# Computers in the field of Education

Since renaissance period man started using science for satisfying his needs. The nineteenth century man thus accelerated his speed of movement and out of commodities. He saved himself from doing dull and drudging works. Applied science has so changed and improved human life that an era of plenty and prosperity such as man has never seen before seems to open before him. Machines have taken over a large part of man's dull and drudging work. Computers can be considered as the most efficient among man's inventions with reference to speed, accuracy and versatility.

The first era of computers applications has focused on numerical calculations. Now we are moving to another era-one in which computers will be able to reason with knowledge that is artificial intelligence with artificial intelligence the role of computers in our lives changes from something useful to something essential.

"knowledge is power" and computers is an amplifier of that power. With the new knowledge system computers will be able to engage intelligent activities such as conducting natural conversions with people and solving complex problems which had been the exclusive province of human experts.

Using the wide range of information provided by the computer data banks learning process can be enriched. Computers ability can be successfully used to carry out lengthy and complex calculations at great speed. Computers today are increasingly used as a training aid in industry, business and commerce.

Instrumental material can be prepared and stored within the computers in the form of pro-grammes which can be used to teach specific lessons. Students in higher educations, particularly those studying science and technology can also benefit from using computers as a teaching aid. Computers can be used as an aid in the same way as a mathematical table. Computers can ease the load of administration duties and thus provided the teacher more time to concentrated on teaching.

**KARTHIKA.S**
**9G**



फूलों



देखो देखो फूलों को देखो
रंग विरंगी फूलों को देखो
कुछ बड़ा है तो कुछ छोटा
देखो देखो फूलों को देखो
फूल सभी को खूशी देना है
फूल सभी को सुगन्ध देता है
फूल बगीचे_में नहीं,
फूल ईश्वर के सामने भी है ।
फूल के बिना बगीचा नहीं,
मधू के बिना फूल नहीं...'!
रंग के बिना फूलनहीं....
सुन्दर सुन्दर फूलों को देखोI

*Mettilda Miss*



# സ്കൂൾ പ്രവർത്തനങ്ങൾ കൊളാഷ്



# MERITORIOUS DAY



10 A+



9 A+



8 A+







# പരിസ്ഥിതി ദിനം




ഹരിതമൊന്ന്

MOUNT CARMEL YOUTUBE "MC CHANNEL "




--A LITTLE KITES PROGRAMME--
https://www.youtube.com/watch?v=OHvwT7RySC4



# LITTLE KITES





LITTLE KITE'S CLASS











Thank You